**3**

യേശുവിന്റെ തിരുനാമത്തിന്നു
എന്നുമെന്നും സ്തുതിസ്തോത്രമേ

1 വാനിലും ഭൂവിലും മേലായ നാമം വന്ദിത വല്ലഭ നാമമതു
ദൂതർ വാഴ്ത്തി പുകഴ്ത്തിടും നാമമതു

2 പാപത്തിൽ ജീവിക്കും പാപിയെ രക്ഷിപ്പാൻ
പാരിതിൽ വന്നൊരു നാമമതു
പരലോകത്തിൽ ചേർക്കും നാമമതു-

3 ഉത്തമ ഭക്തന്മാർ വാഴ്ത്തിപ്പുകഴ്ത്തിടും
ഉന്നതമാം ദൈവനാമമതു
ഉലകെങ്ങും ധ്വനിക്കുന്ന നാമമതു-

4 സങ്കടം ചഞ്ചലം ശോധന വേളയിൽ
താങ്ങി നടത്തിടും നാമമതു
ഭയം മാറ്റുമകറ്റിടും നാമമതു-

**M.E.C**